**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **29-01-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്ന് സംഭരിച്ച് വിതരണം ചെയ്യുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിൽ അറുന്നൂറ് കോടി രൂപ ഉണ്ടായിരുന്നിട്ടും മരുന്ന് വാങ്ങാൻ നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൻറെയും കീഴിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്കും ആവശ്യമായ മരുന്നുകളും, അനുബന്ധ ഉപകരണങ്ങളും, പ്രസ്തുത വകുപ്പ് അദ്ധ്യക്ഷൻമാർ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര അധിഷ്ഠിത ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ വാങ്ങി വിതരണം ചെയ്യുക എന്ന കർത്തവ്യമാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിലവിൽ പ്രധാനമായും നിർവ്വഹിച്ച് വരുന്നത്.<br><br>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ ഉപകരണങ്ങൾ, വെറ്റിനറി മരുന്നുകൾ മുതലായവ വാങ്ങി നൽകുന്നതിനായി നിക്ഷേപിച്ച തുകയാണ് ട്രഷറി അക്കൗണ്ടിൽ ഉള്ളത്. 15-ാമത് ഫിനാൻസ് കമ്മീഷൻ, കിഫ്ബി (KIIFB) തുടങ്ങിയ സ്ഥാപനങ്ങൾ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി നിക്ഷേപിച്ച തുകയും, ദേശീയ ആരോഗ്യ ദൗത്യം (NHM), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGD) തുടങ്ങി വിവിധ സർക്കാർ സ്ഥാപനങ്ങൾ/ ഏജൻസികൾ ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുവാനും, സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യം (EMD) തുടങ്ങിയവ വിതരണക്കാർക്ക് തിരികെ നൽകുവാനും, കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുവാനും ലഭിച്ച തുകയും, ആണ് കോർപ്പറേഷന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ കാണുന്നത്. |

| | | | |
|---|---|---|---|
| (ബി) | മരുന്നുകമ്പനികൾക്ക് നൽകാനുള്ള കുടിശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | മരുന്ന് കമ്പനികൾക്കുള്ള കുടിശ്ശിക അതാത് സാമ്പത്തിക വർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിലൂടെയും സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റസ് (എസ്.ഡി.ജി) മുഖേനയും ആണ് കോർപ്പറേഷൻ നല്കിവരുന്നത്. ഇതിന് പുറമെ ദേശീയ ആരോഗ്യ ദൗത്യം വഴി അവശ്യ മരുന്ന് വിഭാഗത്തിലേക്ക് വരുന്ന തുകയും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. കോർപ്പറേഷന്റെ മരുന്ന് സംഭരണവും വിതരണവും ഒരു തുടർ പ്രക്രിയ ആയതിനാൽ കമ്പനികൾ നല്കുന്ന ഇൻവോയ്സുകൾ അനുസരിച്ച് മുൻഗണനാക്രമത്തിൽ തുക അനുവദിച്ചു വരുന്നു. ഇതിന് പുറമേ അത്യാവശ്യ ഘട്ടങ്ങളിൽ പൊതു മേഖല സ്ഥാപങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സാധ്യത പരിശോധിച്ച് വരുന്നു. ഇത്തരത്തിൽ മരുന്നു കമ്പനികളുടെ കുടിശ്ശിക കാലതാമസം കൂടാതെ കൊടുത്തുതീർക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| (സി) | ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | അത്യാവശ്യമുള്ള ചില മരുന്നുകൾ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ വഴി എത്തിക്കുന്നുണ്ട്. മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്നു സംഭരണശാലയിലേയും ഉദ്യോഗസ്ഥർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും, ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും, മെഡിക്കൽ ഓഫീസർമാരുടെ അവലോകനയോഗത്തിലും മരുന്നു ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കോർപ്പറേഷൻ അതാത് സമയങ്ങളിൽ പരിഹരിച്ചുപോരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ